LIBRARY ARCHIVES Kerala Legislative Assembly

കാലിക്കറ്റ് സർവ്വകലാശാല-ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ട്

115 (1151) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽനിന്നും സ്വാശ്രയ കോളേജുകൾക്ക് അനുമതി ലഭിച്ച സ്വകാര്യ ട്രസ്റ്റിന്റേയും വൈസ് ചാൻസലറുടെ മകളുടെ പേരിലും വള്ളിക്കുന്ന് പഞ്ചായത്തിൽ ഒരേ ദിവസം അടുത്തടുത്ത ഭൂമി വാങ്ങിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഭൂമി രജിസ്റ്റർ ചെയ്തതിനുശേഷം പ്രസ്തുത ട്രസ്റ്റിന് ആർക്കിടെക്ചർ കോളേജും ലോ കോളേജും അനുവദിച്ചത് സംബന്ധിച്ച കാര്യം അറിയാമോ ;

(സി) ട്രസ്റ്റിന് സർവ്വകലാശാല സ്വാശ്രയ കോഴ്സുകൾ അനുവദിച്ചതുമായി ബന്ധപ്പെട്ട കാര്യങ്ങളും വൈസ് ചാൻസലറുടെ മകളുടെ പേരിൽ ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ട കാര്യങ്ങളും അന്വേഷണത്തിന് വിധേയമാക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ &ബി) ഇല്ല

(സി) സർവ്വകലാശാല നിയമപ്രകാരം വൈസ് ചാൻസലർക്കെതിരായി പെരുമാറ്റ ദൂഷ്യം, ധനദുർവിനിയോഗം തുടങ്ങിയവ സംബന്ധിച്ച പരാതി ലഭിച്ചാൽ അതിന്മേൽ അന്വേഷണം നടത്തി ആരോപണങ്ങൾ തെളിയിക്കപ്പെട്ടാൽ വൈസ് ചാൻസലർക്കെതിരെ നടപടി എടുക്കാൻ ചാൻസലർക്ക് അധികാരമുണ്ട്.

അതുല്യം പദ്ധതി

116 (1152) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ സാക്ഷരതാമിഷൻ വഴി നടപ്പിലാക്കുന്ന അതുല്യം പദ്ധതിക്കുവേണ്ടി നടത്തിയ സർവ്വേയിൽ എത്ര ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് ; സ്ത്രീ ; പുരുഷ ; ജില്ല ; തിരിച്ചുള്ള കണക്ക് നൽകുമോ ;

(ബി) അതുല്യം പദ്ധതിക്കായി കണ്ടെത്തിയ ഗുണഭോക്താക്കൾക്കായി സംസ്ഥാനത്ത് എത്ര നാലാം തരം ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട് ; എത്ര ക്ലാസുകൾ ആരംഭിക്കുവാനുണ്ട് ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി വിജയിപ്പിക്കുന്നതിന് ഇതര സർക്കാർ വകുപ്പുകളുടെ പങ്കാളിത്തംകൂടി ഉറപ്പുവരുത്തുവാൻ നടപടിയെടുക്കുമോ ?